പുതിയ സ്കൂളുകളും കോളേജുകളും

74. [123] ശ്രീ. പി. സീതി ഹാജി :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1986-87 അദ്ധ്യയന വർഷത്തിൽ പുതിയ കോളേജുകളും അനുവദിക്കുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലയിൽ ;

(സി) ഇതിനുള്ള നടപടി ഏതുവരെയായി ?

ഉത്തരം

(എ, ബി) അന്തിമതീരുമാനം ആയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

അൺ എയിഡഡ് സ്കൂളുകൾ

75. [124] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തു എത്ര അൺ എയിഡഡ് സ്കൂളുകൾ ഉണ്ടായിരുന്നു ;

(ബി) അൺ എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നതുകൊണ്ട് ഗവൺമെൻറ് സ്കൂളുകൾ അടച്ചുപൂട്ടേണ്ടതായി വരുമോ ?

ഉത്തരം

(എ) 131.

(ബി) ഗവൺമെൻറ് സ്കൂളുകളുടെ പ്രവർത്തനത്തെ ബാധിക്കാത്ത രീതിയിലാണു അൺ എയിഡഡ് സ്കൂളുകൾ അനുവദിക്കുന്നത്.

കോളേജ് അദ്ധ്യാപകർക്ക് സ്കൂട്ടർ ലോൺ

76. [125] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1984-85 സാമ്പത്തികവർഷത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ജോലി നോക്കുന്ന എത്ര അദ്ധ്യാപകർക്കു സ്കൂട്ടർ ലോൺ അനുവദിച്ചിരുന്നു എന്നു വ്യക്തമാക്കുമോ ;

(ബി) ഇവരിൽ എത്രപേർക്ക് തുക ട്രഷറിയിൽനിന്നും മാറിക്കിട്ടിയെന്നും, എത്ര പേർക്കു മാറിക്കിട്ടിയില്ലെന്നും വ്യക്തമാക്കുമോ ;

(സി) തുക മാറിക്കിട്ടാതിരിക്കുവാനുള്ള കാരണം എന്താണെന്നു വിശദമാക്കുമോ ;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 'ചുവപ്പുനാട' സമ്പ്രദായം അദ്ധ്യാപകർക്കു കിട്ടേണ്ടുന്ന പല ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly